പൊതു വിപണിയിൽ നിന്നും അരിവാങ്ങുന്നതിനുള്ള അനുവാദം

1236. [1679] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം പൊതു വിപണിയിൽ നിന്നും അരി വാങ്ങുന്നതിനുള്ള അനുവാദം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്താണ് ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) നിലപാടു വ്യക്തമാക്കിയിട്ടില്ല.

ഭക്ഷ്യ സ്വയം പര്യാപ്തത ലക്ഷ്യമാക്കിയുള്ള പദ്ധതി

1237 [1680] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സ്വയം പര്യാപ്തത ലക്ഷ്യമാക്കിക്കൊണ്ടുള്ള എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഭക്ഷ്യ ഉൽപ്പാദന വർദ്ധനവിനുള്ള ചില പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ആറാം പദ്ധതിയിൽ നടപ്പിലാക്കി വന്നിരുന്നതും ഏഴാം പദ്ധതികാലത്ത് തുടരുന്നതുമായ പദ്ധതികൾ

1. അത്യുൽപ്പാദന ശേഷിയുള്ള നെൽ വിത്തിനങ്ങൾ കൃഷിവകുപ്പിന്റെ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിച്ചു സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

2. രജിസ്ട്രേഡ് വിത്തുൽപ്പാദകർക്കു പ്രോത്സാഹന സഹായം നൽകി വിത്തു സംഭരിച്ച് സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

3. കൃഷി നാശത്തെ നേരിടാൻ വീണ്ടും കൃഷിയിറക്കാനായി നെൽ വിത്തിന്റെ കരുതൽ ശേഖരം ഏർപ്പെടുത്തുക.

4. ഒരേ ഇനത്തിലുള്ള ഒരേ മൂപ്പുള്ള അത്യുൽപ്പാദനശേഷിയുള്ള നെല്ലിനങ്ങളുടെ ഞാറുകൾ ഏലായിലാകെ വിതരണത്തിനൊരുക്കുന്ന പൊതു ഞാറടി സമ്പ്രദായം.

5. പൊടുന്നനെയുണ്ടാകുന്ന മുഞ്ഞ ബാധയെ നിയന്ത്രിക്കാനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly